# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2240 — 26.03.2013- ൽ മറുപടിക്ക്

### അടച്ചുപൂട്ടിയ ടെക്സ്റ്റയിൽ മില്ലുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. എം. ചന്ദ്രൻ | | ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ അടച്ച് പൂട്ടപ്പെട്ട ടെക്സ്റ്റയിൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) & (ബി) | പൊതുമേഖലയിൽ കേരള ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലും സഹകരണമേഖലയിൽ ടെക്സ്ഫെഡിന്റെ കീഴിലും പ്രവർത്തിച്ചിരുന്ന മില്ലുകൾ ഒന്നും തന്നെ അടച്ച് പൂട്ടിയിട്ടില്ല. എന്നാൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചിരുന്ന കേരള സ്പിന്നേഴ്സ് എന്ന സ്ഥാപനം അടച്ച് പൂട്ടിയതിനെ തുടർന്ന് സർക്കാർ ഏറ്റെടുക്കുകയും പുനർ നാമകരണം ചെയ്യുകയും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്. |
| (ബി) | സഹകരണ മേഖലയിൽ ഉൾപ്പെടെ ഇപ്പോൾ പ്രവർത്തനം നിലച്ച ടെക്സ്റ്റൈൽ മില്ലുകൾ എത്രയാണ്; ഇതിനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാണ്; | | |
| (സി) | വർദ്ധിച്ച തോതിലുള്ള വൈദ്യുതി ചാർജ്ജ് ടെക്സ്റ്റൈൽ മില്ലുകൾക്ക് താങ്ങാൻ കഴിയുന്നതല്ലെന്ന കാര്യം സർക്കാരിനറിയാമോ ; | (സി) | വൈദ്യുതി ചാർജ്ജ് വർദ്ധന ടെക്സ്റ്റയിൽസ് മില്ലുകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. |
| (ഡി) | മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു പാക്കേജിന് വ്യവസായ വകുപ്പ് രൂപം നൽകുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ